©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2018 ഫെബ്രുവരി 6<br>6th February 2018<br>1193 മകരം 23<br>23rd Makaram 1193<br>1939 മാഘം 17<br>17th Magha 1939 | നമ്പർ<br>No. | 6 |

## PART III

# Irrigation Department

### പുനർ ലേലപ്പരസ്യം

നമ്പർ എ.2-28/1995. 2018 ജനുവരി 16.

ജലവിഭവ വകുപ്പിൽ മലപ്പുറം ഇറിഗേഷൻ ഡിവിഷനിൽ തിരൂർ ഇറിഗേഷൻ സബ് ഡിവിഷന്റെ കീഴിൽ വരുന്ന പുഴകളുടെയും, കനാലുകളുടെയും തീരത്തും മറ്റുമുള്ള ഡിപ്പാർട്ട്മെന്റ്‌വക സ്ഥലത്ത് നിൽക്കുന്ന ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പട്ടികകളിലെ ഫലവൃക്ഷങ്ങളുടെ (തെങ്ങുകളടക്കം) മേലാദായം 1-1-2018 മുതൽ 31-12-2018 വരെയുള്ള ഒരു കൊല്ലത്തേക്ക് അനുഭവിക്കുന്നതിനുവേണ്ടി പുനർ ലേലപ്പരസ്യം ക്ഷണിച്ചുകൊള്ളുന്നു. പുനർ ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവർ അവരുടെ സ്ഥിരമായ മേൽവിലാസവും കയ്യൊപ്പും സാക്ഷ്യപ്പെടുത്തിയ ഒരു സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വില്ലേജാഫീസറിൽ നിന്നും വാങ്ങി സമർപ്പിക്കുകയോ അല്ലെങ്കിൽ വ്യക്തിയുടെ പൂർണ്ണമായ തിരിച്ചറിയലിന് കഴിയുന്നതും ഏതെങ്കിലും ഡിപ്പാർട്ട്മെന്റ് നൽകിയതോ ആയ രേഖകൾ (ഡ്രൈവിംഗ് ലൈസൻസ്, പാസ്പോർട്ട്, വോട്ടർ ഐഡന്റിറ്റി കാർഡ്, ആധാർ കാർഡ് തുടങ്ങിയ രേഖകളിൽ ഏതെങ്കിലും) നിരതദ്രവ്യം കെട്ടിവെയ്ക്കുന്നതിന് മുമ്പായി പുനർ ലേലം നടത്തുന്ന ഉദ്യോഗസ്ഥൻ മുമ്പാകെ ഹാജരാക്കേണ്ടതാണ്. ഇത്തരം രേഖകൾ ഹാജരാക്കാത്തവരെ യാതൊരു കാരണവശാലും പുനർ ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല. പരസ്യലേലം 8-2-2018-ാം തീയതി പ്രകാരം തിരൂർ ഇറിഗേഷൻ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽവെച്ച് മലപ്പുറം ഇറിഗേഷൻഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റുദ്യോഗസ്ഥരോ നടത്തുന്നതാണ്. പുനർ ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന ആൾ ലേലം തുടങ്ങുന്നതിന് അരമണിക്കൂർ മുമ്പായി ഓരോ ലോട്ടിനും ` 1,000 (ആയിരം രൂപ മാത്രം) നിരതദ്രവ്യം കെട്ടിവെയ്ക്കേണ്ടതുമാണ്.

ലേലസംഖ്യ പരമാവധി വിളിച്ച് കഴിഞ്ഞാൽ തൽസമയം കൂടുതലുള്ള തുകയ്ക്ക് മേലനുഭവങ്ങൾ എടുക്കുവാനുള്ള അവകാശം താൽക്കാലികമായി ഉറപ്പിക്കുന്നതുമാണ്. പുനർ ലേലം കൊണ്ടയാൾ മുഴുവൻ പുനർ ലേലത്തുകയും ആകെ തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റും അപ്പോൾ തന്നെ അടയ്ക്കേണ്ടതുമാണ്. പുനർലേലം കൊണ്ടയാൾ ലേലം ഉറപ്പിച്ച വിവരം അറിഞ്ഞ ഉടൻതന്നെ ലീസ് എഗ്രിമെന്റ് വെയ്ക്കേണ്ടതാണ്. ലീസ് എഗ്രിമെന്റ് വെയ്ക്കുന്നതിന് മുമ്പായി ഫലവൃക്ഷങ്ങളിലെ മേലാദായം അനുഭവിക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. പുനർലേലം കൊണ്ടയാൾ തനിക്ക് അവകാശം ലഭിച്ച നിശ്ചിത പരിധിയിൽ വരുന്ന ലോട്ടുകളിലെ ഫലവൃക്ഷങ്ങൾക്ക് (തെങ്ങുകൾ, കവുങ്ങുകൾ മുതലായവ) അതാതു കാലങ്ങളിൽ തക്കസമയത്ത് പച്ചില വളം, രാസവളം മുതലായവ വകുപ്പ് മേലധികാരികളുടെ മേൽനോട്ടത്തിൽ ചെയ്യേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്നപക്ഷം തുല്യമായ

സംഖ്യ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും വസൂലാക്കുന്നതാണ്. മുൻകാലങ്ങളിൽ നടത്തിയ ലേലങ്ങളിൽ ലേല നിബന്ധനകൾ പാലിക്കാതിരുന്ന ലേലം കൊണ്ടയാളുകൾക്ക് യാതൊരു കാരണവശാലും ലേലത്തിൽ പങ്കെടുക്കുന്നതിനുള്ള അർഹത ഉണ്ടായിരിക്കുന്നതല്ല. ലേലം വിളിച്ചെടുക്കാത്തവരുടെ നിരതദ്രവ്യം അതാത് ദിവസത്തെ ലേലം മുഴുവനായി തീർന്ന ഉടൻ മടക്കിക്കൊടുക്കുന്നതാണ്. നിശ്ചിത ദിവസം മുഴുവൻ ലേലവും തീർന്നില്ലെങ്കിൽ അടുത്ത ദിവസം രാവിലെ 10 മണിക്ക് ലേലം തുടരുന്നതാണ്. ജലസേചന വകുപ്പിലെ നിലവിലുള്ള മറ്റ് എല്ലാ നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ തിരൂർ ഇറിഗേഷൻ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും പ്രവർത്തി ദിവസങ്ങളിൽ പ്രവർത്തി സമയത്ത് അന്വേഷിച്ച് അറിയാവുന്നതാണ്.

തിരൂർ, ഇറിഗേഷൻ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിന്റെ പരിധിയിൽ വരുന്ന ലോട്ടുകളുടേയും അതിലുള്ള തെങ്ങുകളുടെയും വിവരങ്ങൾ :

ലേല സ്ഥലം—തിരൂർ, ഇറിഗേഷൻ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ്.

ലേല തീയതിയും സമയവും—8-2-2018, രാവിലെ 11 മണി.

| ക്രമ നമ്പർ | ലോട്ട് നമ്പർ | തെങ്ങുകളുടെ എണ്ണം | ലോട്ടുകൾ സ്ഥിതി ചെയ്യുന്ന സ്ഥലം |
|---|---|---|---|
| 1 | 28 | 54 | ടി. കെ. കനാൽ കെ. എം. 8 മുതൽ 18 വരെയുള്ള തിരൂർ പൊന്നാനി പുഴയുടെ കരകൾ കിഴക്ക് കര |
| 2 | 30 | 69 | ,, പടിഞ്ഞാറ് കര |
| 3 | 31 | 68 | ,, പടിഞ്ഞാറ് കര |
| 4 | 32 | 71 | ,, കിഴക്ക് കര |
| 5 | 33 | 55 | ,, കിഴക്ക് കര |
| 6 | 34 | 58 | ,, പടിഞ്ഞാറ് കര |

ലോട്ടുകളുടെ എണ്ണം—6

എക്സിക്യൂട്ടീവ്
എഞ്ചിനീയറുടെ കാര്യാലയം,
ഇറിഗേഷൻ ഡിവിഷൻ,
മലപ്പുറം.

(ഒപ്പ്)
എക്സിക്യൂട്ടീവ് എഞ്ചിനീയർ.